വാരാന്ത്യപതിപ്പ് ലക്കം-47 | APRIL 10 - APRIL 17

# മനസ്സ് നന്നാവട്ടെ

സെന്റ്. തോമസ് കോളേജ് (ഓട്ടോണമസ്), തൃശ്ശൂർ
എൻ എസ് എസ് യൂണിറ്റ് 42 & 144

## എൻ.എസ്.എസ് വാർത്തകൾ

സോഷ്യോപോഡ്സ്
പേജ് 1

അന്താരാഷ്ട്ര മാതൃത്വസംരക്ഷണ ദിനം
പേജ് 1

ജാലിയൻവാലാബാഗ് കൂട്ടക്കൊല അനുസ്മരണ ദിനം
പേജ് 1

അംബേദ്കർ ജയന്തി
പേജ് 2

അഭയം
പേജ് 2

അക്ഷരാഗ്നി
പേജ് 3

ചോദ്യം ഉത്തരം
പേജ് 4

ചിന്താവിഷയം




## സോഷ്യോപോഡ്സ്

# എൻ.എസ്.എസ്. വാർത്തകൾ

## സോഷ്യോപോഡ്സ്

ആളുകളും അവരുടെ അരക്ഷിതാവസ്ഥയും " എന്ന വിഷയത്തിൽ സോഷ്യോപോഡ്സിന്റെ നാല്പത്തിയൊൻപതാം എപ്പിസോഡ് ഏപ്രിൽ പതിനൊന്ന് തിങ്കളാഴ്ച വൈകീട്ട് ആറുമണിക്ക് പുറത്തിറക്കി. ആത്മവിശ്വാസക്കുറവിനെ സംബന്ധിച്ചാണ് പോഡ്കാസ്റ്റിൽ വളന്റിയർ ഫാത്തിമ റിയ മെഹറിൻ സംസാരിച്ചത്. അരക്ഷിതാവസ്ഥകളിൽ നിന്ന് നമ്മുടേതായ ഒരു സുരക്ഷിത ലോകം സൃഷ്ടിക്കുന്നതിനും നമ്മുടെ ഏറ്റവും മികച്ച പതിപ്പാകാൻ നമ്മെ തന്നെ പ്രചോദിപ്പിക്കുന്നതിനും സോഷ്യോപോഡ്സിന്റെ ഈ എപ്പിസോഡ് സഹായിക്കുന്നു. ഇതിനോടനുബന്ധിച്ച് പോസ്റ്റർ നിർമ്മിക്കുകയും ചെയ്തു.

## അന്താരാഷ്ട്ര മാതൃത്വസംരക്ഷണ ദിനം

ഏപ്രിൽ പതിനൊന്ന് അന്താരാഷ്ട്ര മാതൃത്വസംരക്ഷണ ദിനം ആചരിച്ചു.ഗർഭസ്ഥ സ്ത്രീകളുടെ സംരക്ഷണം ലക്ഷ്യമാക്കിയാണ് അന്താരാഷ്ട്ര മാതൃത്വസംരക്ഷണ ദിനം ആചരിക്കുന്നത്. ഇതിനോടനുബന്ധിച്ച് " റിമെയിൻ അറ്റ് ഹോം എമിഡ് കൊറോണ വൈറസ്സ്, പ്രൊട്ടക്റ്റ് മദർ ആൻഡ് ഇൻഫെന്റ് സേഫ് ഫ്രം കൊറോണ വൈറസ് " എന്ന സന്ദേശത്തോടെ പോസ്റ്റർ നിർമ്മിച്ചു.




## ജാലിയൻവാലാബാഗ് കൂട്ടക്കൊല അനുസ്മരണ ദിനം

എൻ എസ് എസ് യൂണിറ്റുകളായ **42 & 144** ഏപ്രിൽ പതിമൂന്നിന് ജാലിയൻവാലാബാഗ് ദിനമായി ആചരിച്ചു.ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിലെ ഏറ്റവും രക്തരൂക്ഷിതമായ സംഭവമാണ് **1919** ലെ ജാലിയൻവാലാബാഗ് കൂട്ടക്കൊല. ബ്രിട്ടീഷ് പോലീസ് ഉദ്യോഗസ്ഥനായ ബ്രിഗേഡിയർ ജനറൽ .മൈക്കിൾ ഡയറാണ് ഈ കൂട്ടക്കൊലക്ക് ഉത്തരവ് നൽകിയത്.ഈ ദിനത്തിന്റെ അനുസ്മരണാർത്ഥമാണ് ഏപ്രിൽ പതിമൂന്നിന് ജാലിയൻവാലാബാഗ് ദിനമായി ആചരിക്കുന്നത്.ഈ ദിനത്തോടനുബന്ധിച്ച് പോസ്റ്റർ നിർമ്മിക്കുകയും ചെയ്തു.




# അംബേദ്കർ ജയന്തി




ഏപ്രിൽ പതിനാലാം തിയ്യതി അംബേദ്കർ ജയന്തി ആചരിച്ചു. ഇന്ത്യയുടെ മുൻ നിയമ-നീതി മന്ത്രിയായിരുന്ന ഇദ്ദേഹം ഇന്ത്യൻ ഭരണഘടനയുടെ മുഖ്യ ശില്പിയും നിയമജ്ഞനും പണ്ഡിതനും രാഷ്ട്രീയ നേതാവുമായിരുന്നു. ദളിത് അവകാശ പ്രസ്ഥാനം, ഇന്ത്യൻ ഭരണഘടനയുടെ രൂപരേഖ തയ്യാറാക്കുന്ന പ്രധാന സമിതി, ദളിത് ബുദ്ധ പ്രസ്ഥാനം എന്നിവയിൽ മുഖ്യ പങ്ക് വഹിച്ചു. ഈ ദിനത്തോടനുബന്ധിച്ച് പോസ്റ്റർ നിർമ്മിക്കുകയും ചെയ്തു.

# അഭയം

അഭയം ഭവന നിർമ്മാണ പദ്ധതിയെന്ന' എൻ എസ് എസിന്റെ സ്വപ്ന പദ്ധതി പ്രോഗ്രാം ഓഫീസേഴ്സായ പ്രൊഫ. രഞ്ജിത്ത് വർഗീസിന്റെയും ഡോ.വിമല കെ ജോണിന്റെയും നേതൃത്വത്തിൽ എല്ലാവരുടെയും സഹകരണത്തോടെ നല്ല രീതിയിൽ പുരോഗമിച്ച് വരുന്നു



## ചോദ്യം ഉത്തരം

എൻ എസ് എസ്
നിയന്ത്രിക്കുന്ന ദേശീയ
തലവൻ ആരാണ്?

- പ്രോഗ്രാം അഡ്വൈസർ,
എൻഎസ്എസ്, ന്യൂഡൽഹി

## അക്ഷരാഗ്നി

ഡെൺസൺ കെ ഡെന്നി

# അവൾ

മിഴിനീരു മായ്ക്കും കൈവിരലോ

രൗദ്രതയാൽ ചൂണ്ടും കൈവിരലോ

ചേർത്തുപിടിക്കും കൈവിരലോ

അവളിനി കൈവിരലുകൾ
തുറന്നിടുന്നു

ചിറകുചേർത്തു ഉയരാൻ ഇനി
അവളുടെ കൈവിരലുകൾ

പുഞ്ചിരി നിറയും കവിളിണയിൽ

ആഴം പടരും ആത്മ ബന്ധങ്ങളിൽ

സ്നേഹം കലരും മനസ്സുകളിൽ

അവൾക്ക് മുന്നിലോ പിന്നിലോ
അല്ല അവളോടൊപ്പം നീ



# ചിന്താവിഷയം

ജീവിതം എത്ര പ്രയാസകരമായി തോന്നിയാലും, നിങ്ങൾക്ക് എല്ലായ്പ്പോഴും ചെയ്യാവുന്നതും വിജയിക്കാവുന്നതുമായ എന്തെങ്കിലും ഉണ്ടാകും.

--സ്റ്റീഫൻ ഹോക്കിങ്

@nss_stc_42_144